# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**
**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം. (പി13)-1804/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 14/02/2022
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി13)-1804/21 തീയ്യതി: 14/02/2022

# എറണാകുളം ജില്ലയിലെ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 17-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-11-2021 | 30-11-2021 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-11-2021 | 30-11-2021 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അബ്ദുൾ സലാം ടി ഐ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ ഹരീഷ് ബാബു എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ പ്രസാദ് പി ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി വൃന്ദ സി എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഹരീഷ് പി ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രത്നമ്മ സുരേഷ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ എം എ രാമൻകുട്ടി | സെക്രട്ടറി | 01-04-2019 | 12-12-2019 |
| ശ്രീമതി നിസാമോൾ എം പി | സെക്രട്ടറി | 13-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിന്ധു എസ് | അസി.എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ സഫീർ എം എം | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ തനു മേരി തോമസ് | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി ബിനാനിപുരം) | 01-04-2019 | 31-03-2020 |
| ഡോ പ്രശാന്തി എം | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി കടുങ്ങല്ലൂർ) | 01-04-2019 | 31-03-2020 |
| ഡോ വി എസ് സാജിത | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ ബിന്ദു എൻ ലാൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി ഗീത പി എൽ | ഐ.സി,ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ ബാബു പോൾ പി | ഹെഡ്മാസ്റ്റർ ജി എൽ പി എസ്,കടുങ്ങല്ലൂർ | 01-04-2019 | 31-03-2020 |
| ശ്രീ ലിജേഷ് ജോസഫ് | വി.ഇ.ഒ,കടുങ്ങല്ലൂർ | 01-04-2019 | 31-03-2020 |
| ശ്രീ ലിജേഷ് ജോസഫ് | വി.ഇ.ഒ,മുപ്പത്തടം(ചാർജ്ജ്) | 01-04-2019 | 24-10-2019 |
| ശ്രീമതി ഷിജി വി എസ് | വി.ഇ.ഒ,മുപ്പത്തടം | 25-10-2019 | 31-03-2020 |
| ശ്രീമതി ഷഫീന എം | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 29-06-2019 |
| ഒഴിവ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 30-06-2019 | 01-07-2019 |
| ശ്രീമതി അനു മുരളി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 02-07-2019 | 31-03-2020 |
| ഡോ നിഷ സെബാസ്റ്റ്യൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ ഉദയകുമാർ കെ പി | അസി.സെക്രട്ടറി | 01-04-2019 | 24-07-2019 |
| ശ്രീമതി സുരക്ഷിത യു ടി | അസി.സെക്രട്ടറി | 25-07-2019 | 31-07-2019 |
| ശ്രീമതി മിനി ടി പി | അസി.സെക്രട്ടറി | 01-08-2019 | 31-03-2020 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വരവ്-ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നു | 1-1-1 |
| 3 | ബജറ്റ് ഡോക്യുമെന്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-1-2 |
| 4 | സേവന നിരക്കുകൾ വർദ്ധിപ്പിച്ച് തനത് വരുമാനം ഉയർത്തുന്നതിനാവശ്യമായ നിർദ്ദേശം ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല | 1-1-3 |
| 5 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2-1 |
| 7 | വാർഷിക ധനകാര്യപത്രിക | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി 2019-20 - അവലോകനം | 1-6-1 |
| 12 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 17 | രസീത് ബുക്കുകളിലെ അപാകതകൾ | 1-11 |
| 18 | വസ്തു നികുതി നിർണ്ണയത്തിൽ കുറവ് | 1-12 |
| 19 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-13 |
| 20 | ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന് കൃത്യമായ മാനദണ്ഡമില്ല | 1-14 |
| 21 | പ്രളയ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് പമ്പ് സെറ്റ് വിതരണം - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി | 1-15 |
| 22 | എസ് സി വിഭാഗക്കാർക്കുള്ള കുടിവെള്ള ഗാർഹിക കണക്ഷൻ -മൂല്യനിർണ്ണയം നടത്താതെ യഥാർത്ഥ ചെലവ് തുക നൽകി | 1-16 |
| 23 | കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ പരിഗണിക്കാതെ ഉയർന്ന ടെണ്ടർ പരിഗണിച്ചു | 1-17 |
| 24 | വിശദമായ വിനിയോഗ വിവരം ഹാജരാക്കിയില്ല(എസ് എസ് എ) | 1-18 |
| 25 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല(കേരള വാട്ടർ അതോറിറ്റി) | 1-19 |
| 26 | ബിറ്റുമിന്റെ ഒറിജിനൽ ബിൽ ഹാജരാക്കാത്തത് സംബന്ധിച്ച് | 1-20 |

| | | |
|---|---|---|
| 27 | അങ്കണവാടി പ്രവർത്തകർക്ക് അധിക വേതനം- വിശദ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-21 |
| 28 | വൌച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-22 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്-സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 19.02.2019 തീയതിയിൽ ചേർന്ന യോഗത്ത
നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി അംഗീകരിച്ച കടുങ്ങല്ലൂർ ഗ്രാമപഞ്ചായ
2019-20 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് ഭരണസമിതിയുടെ
തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം ഭേദഗതികളൊന്നു
അവതരിപ്പിക്കുകയുണ്ടായി. ഭരണസമിതിയുടെ 25.02.2019 തീയതിയി
തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയു
വിശദവിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം |
|---|---|
| വരവ് | 270936466 |
| ചെലവ് | 264487889 |

## 1-1-1 വരവ്-ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തി ബജറ്റ് തയ്യാറാക

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കുകൾ പ്രക
യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുള്ളതായി ക
വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥ വരവ് -ചെലവ് |
|---|---|---|
| **വരവ്** | 270936466 | 83274743 (മുൻബാക്കി ഒഴികെ) |
| **ചെലവ്** | 264487889 | 93788856 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവ് ചെല
പകുതിയിലും കുറവാണ്. ബജറ്റ് വരവ് ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടു
ശരിയല്ല. മുൻവർഷത്തെ വരവ് ചെലവ് കണക്കുകൾ കണക്കി
യഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-1-2 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ
ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2019-2020 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്ര
ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

## 1-1-3 സേവന നിരക്കുകൾ വർദ്ധിപ്പിച്ച് തനത് വരുമാനം ഉയർത്തുന്നതിനാവശ്യമായ നിർദ്ദേശം ബജറ്റിൽ ഉൾപ്പെടുത്തുന്നി

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തല വികസനത്തിനും സാ
സുസ്ഥിരതക്കും നികുതിയേതര വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായ

എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ,ചാർജുകൾ എന്നിവ മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ(അച്ചടി)28/2019ധനം.തീയതി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ സർക്കാർ വകുപ്പുകളും പൊത ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവന നിരക്കുകൾ വ്യ പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റിൽ പ്രസ്തുത ഉൾപ്പെടുത്തുകയോ സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ തനത് വർദ്ധനവിനുള്ള ഇത്തരം ഉത്തരവുകൾ നടപ്പിലാക്കി വരുമാനവർ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. സാമ്പത്തിക വർഷത്തിലും തനത് വരുമാന വർദ്ധനവിന് സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ അതാത് പ്രാദേശിക സർക്ക ഇത്തരം നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ട

## 1-1-4 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളി കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേ ഉൾപ്പെടുത്തിയിട്ടില്ല. അധിക വിഭവസമാഹരണത്തിനുതകുന്ന ക്രി നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/ത.സ്വ.ഭ.വ തീയതി 02.12.2016 സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളു പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തു

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സം പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാ

3.എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേ പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

4.ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നില ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്ര ശ്രദ്ധിക്കേണ്ടതാണ്.

5.കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള വിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാന വർ ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായ നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ മറ്റ് അനുബന്ധ
എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.
ആംബുലൻസിന്റെ പരിപാലനത്തിനായി മുപ്പത്തടം സഹകരണ ബാങ്കിലെ അക്കൌണ്ടിൽ നീക്കിയിരിപ്പ് തുകയായ 4810/- രൂപ ധനകാര്യപത്ര ഉൾപ്പെടുത്തിയിട്ടില്ല.
മേൽ സൂചിപ്പിച്ച അപാകത പരിഹരിക്കുവാൻ വേണ്ട നടപടികൾ പ അധികൃതർ കൈക്കൊള്ളേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 19.06.2020 |

കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷിക കണക്ക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 50430092.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 83274743.00 |
| ആകെ | | 133704835.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 93788856.00 |
| നീക്കിയിരിപ്പ് | | 39915979.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1327560.00 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 33142225 | 33142225 | 14597088 * | ( |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 10289000 | 10289000 | 4959756 ** | ( |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 182100 | 182100 | 174123 | ( |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9751000 | 9751000 | 8704475 | ( |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 17913000 | 17913000 | 3647516 | ( |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 12986000 | 12986000 | 6055225 | ( |
| **കേന്ദ്രാവിഷ്കൃതഫണ്ട്**-എൻ.ആർ.ഇ.ജി.എസ് 320 100 101-Admin.Exp EFMS | 0 | 1023523 | 1023523 | 938365 | 8515 |
| | 0 | 17032681 | 17032681 | 17032681 | ( |
| ICDS- 320 100 121 | 710355 | 1597162 | 2307517 | 1251072 | 105644 |
| NPRPD | 1376 | 178182 | 179558 | 174206 | 535 |
| സംസ്ഥാനാവിഷ്കൃത ഫണ്ട്- 320 300 199 വിമുക്തി | 33138 | 3000 | 36138 | 0 | 3613 |
| സാക്ഷരത | 762 | 31 | 793 | 0 | 79 |

| | | | | | |
|---|---|---|---|---|---|
| 320200309 | | | | | |
| സാനിട്ടേഷൻ ഫണ്ട് 320300103 | 782871 | - | 782871 | 101000 | 68187 |
| 320 700 204 Joint Venture – Block Panchayat- Reveue Expenditure | 1400000 | 300000 | 1700000 | 255000 | 144500( |
| 320 700 205 Joint Venture – District Panchayat- Reveue Expenditure | 4140000 | 0 | 4140000 | 2436626 | 170337 |
| 160300102 Joint Venture – Block Panchayat- നേരിട്ടുള്ള ചെലവ് | 0 | 1124827 | 1124827 | 1124827 | ( |
| 160300101 Joint Venture – District Panchayat- നേരിട്ടുള്ള ചെലവ് | 0 | 635761 | 635761 | 635761 | ( |
| 320100203 ശുചിത്വ സംസ്കരണം | 1200000 | 0 | 1200000 | 0 | 120000( |
| 320200305 ടോട്ടൽ സാനിട്ടേഷൻ (സംസ്ഥാന വിഹിതം) | 134425 | 294850 | 429275 | 0 | 42927 |

*2775/-രൂപയുടെ ചെലവ് ജി ഒ പ്രോജക്ട് ആണ്.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 33142225 | 14597088 | 18545137 | 55.95 |
| വികസന ഫണ്ട് (എസ്.സി.പി) | 10289000 | 4959756 | 5329244 | 51.80 |
| വികസനഫണ്ട് (ടി.എസ്.പി) | 182100 | 174123 | 7877 | 4.32 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 9751000 | 8704475 | 1046525 | 10.73 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 17913000 | 3647516 | 14265484 | 79.64 |
| ധനകാര്യ കമ്മീഷന്റെ അവാർഡ് | 12986000 | 6055225 | 6930775 | 53.37 |

2019-20 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം പഞ്ചായത്തിന് അലോ ഗ്രാന്റുകളിൽ മിക്കവയും 70 ശതമാനത്തിൽ കുറവാണ് ചെലവഴിച്ചിട്ടു കാണുന്നു. അതായത് 46125042/- രൂപ തൻവർഷം ലാപ്സാക്കി. ആയതിൽ 20 അടുത്ത വർഷം വിനിയോഗിക്കാമായിരുന്നു. എന്നാൽ ആ ഗ്രാമപഞ്ചായത്ത് നഷ്ടപ്പെടുത്തിയത് ശരിയായ നടപടിയല്ല. വികന (ജനറൽ,എസ്.സി.പി,ടി.എസ്.പി), മെയിന്റനൻസ്ഗ്രാന്റ്(റോഡ്,റോ ധനകാര്യ കമ്മീഷൻ അവാർഡ് എന്നിവ പൂർണ്ണമായും ചെലവഴിക്കാന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുവാൻ പഞ്ചായത്ത് ഭരണസമി ചെലുത്തേണ്ടതായിരുന്നു. അത്തരമൊരു സമീപനം പഞ്ചായത്ത് ഭരണ സ്വീകരിച്ചിട്ടില്ല. ഗ്രാന്റായി ലഭിക്കുന്ന മുഴുവൻ തുകയും ഗ്രാമപഞ്ചായ പ്രാദേശിക വികസനത്തിന് ഉപയോഗിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 380 | 164244489 | 205 | 52863383 | 6 | 169 | 54% |

## 1-6-1 തൊഴിലുറപ്പ് പദ്ധതി 2019-20 - അവലോകനം

ഗ്രാമപഞ്ചായത്തിൽ **2019-20** സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ ചേർക്കുന്നു.

| ***തൊഴിൽ വിവരങ്ങൾ*** | ***2019-20*** |
|---|---|
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | 1970 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 2430 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 691 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 777 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 46082 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 71.44 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 275 |

### ആക്ഷൻ പ്ലാൻ വിവരങ്ങൾ

| വർക്കുകളുടെ വിവരങ്ങൾ | 2019-20 |
|---|---|
| വർക്കുകളുടെ എണ്ണം | 474 |
| പൂർത്തീകരിച്ച വർക്കുകളുടെ എണ്ണം | 235 |

### പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരങ്ങൾ

| ക്രമനം | വർക്കുകളുടെ ഇനം | 2019-20 |
|---|---|---|
| 1 | വരൾച്ച നിർമ്മാർജ്ജനം | - |
| 2 | വ്യക്തിഗത വർക്കുകൾ | 181 |
| 3 | ഭൂവികസനം | 30 |
| 4 | ഗ്രാമസംയോജനം | 4 |
| 5 | ചെറുകിട ജലസേചനം | 9 |
| 6 | അങ്കണവാടി / മറ്റ് ഗ്രാമ വികസനം | 1 |
| 7 | തനതായ നീർത്തടാകങ്ങളുടെ നവീകരണം | 5 |
| 8 | ജലസംഭരണം | 5 |

മേൽ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധ കണ്ടെത്തിയ പൊതു അപാകതകൾ ചുവടെ വിശദമാക്കുന്നു.

1. പ്രവർത്തികൾ പൂർത്തീകരിച്ചതിനുശേഷം സൈറ്റിൽ ഡിസ് പ്ലേ

സ്ഥാപിക്കണമെന്ന നിർദ്ദേശം എല്ലാ പ്രവൃത്തികളിലും പാലിക്കപ്പെടുന്നില്ല.
2. പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പും, പ്രവൃത്തി നടക്കുന്ന സ്ഥ പ്രവൃത്തിയുടെ പൂർത്തീകരണത്തിനു ശേഷവുമുള്ള ഫോട്ടോകൾ ചില പ്ര ഫയലുകളിൽ ലഭ്യമല്ല
3. നടപ്പ് സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ നടന്നതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.
4. വർക്കുകളുമായ ബന്ധപ്പെട്ട രേഖകളിൽ പ്രവൃത്തി ആരംഭിച്ച അവസാനിച്ച തീയതി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തീയതികളാണ് ഇവയിൽ രേഖപ്പടുത്തി കാണുന്നത് .
5. സൈറ്റ് ഡയറിയിലെ ചില വിവരങ്ങൾ അപൂർണമാണ്.
6. ചില പ്രവൃത്തികളുടെ സൈറ്റ് ഡയറിയിൽ പ്രോജക്റ്റ് മീറ്റിംഗുകളിൽ പ വ്യക്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
തൊഴിലുറപ്പുമായി ബന്ധപ്പെട്ട് നടത്തിയ പ്രവൃത്തികളുടെ വിശദാ രേഖപ്പെടുത്തുമ്പോൾ അവയുടെ വിവരങ്ങളുടെ കൃത്യത ബന്ധപ്പെട്ട ഉദ്യേ ഉറപ്പ് വരുത്തേണ്ടതും ആയത് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. മേര അപാകതകൾ വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ട

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1023523 | 1023523 | 938365 | 85158 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 17032681 | 17032681 | 17032681 | |
| **ആകെ** | 0 | 18056204 | 18056205 | 17971046 | 85158 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8640 | 8 |
| കർഷകതൊഴിലാളി പെൻഷൻ | 1387200 | 259 |
| വിധവാപെൻഷൻ | 9357000 | 1625 |
| വാർദ്ധക്യകാലപെൻഷൻ | 15404100 | 2667 |
| വികലാംഗപെൻഷൻ | 2282900 | 403 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 228000 | 39 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പ 20.11.2021 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശേ 6762/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.04.2021 മുതൽ 22.04.2021 വരെ | 2019-20, 2020-21 | 20.04.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.01.2018 | 2012-13 മുതൽ 2016-17 വരെ | 23.02.2018 |

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ൈ
തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.
1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണേ
പരിശോധിക്കുന്നതിനായി വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല.

2.പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾകെ
ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട്.
ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നട
സ്വീകരിക്കേണ്ടതാണ്.

## 1-11 രസീത് ബുക്കുകളിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷത്തിലെ മാന്വൽ, സാംഖ്യാ രസീതുകൾ പരിശോധ
കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
1) മാന്വൽ രസീത് ബുക്കുകളിലെ വളരെയധികം രസീതുകൾ ഉപയോഗ
സൂക്ഷിച്ചിരിക്കുന്നു. ടി രസീതുകൾ ഒന്നും തന്നെ ക്യാൻസൽ ചെയ്ത് ബ
ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2) പ്രിന്റർ ഫോൾട്ട് വന്നിട്ടുള്ള പല സാംഖ്യാ രസീതുകളും
തുകകളുടെതുൾപ്പെടെ)ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല. ക്യാൻസ
സാംഖ്യാ രസീതുകളുടെ റിപ്പോർട്ടിൽ ക്യാൻസൽ ചെയ്ത രസീതുകളുടെ വി
രേഖപ്പെടുത്തുന്നുണ്ടെങ്കിലും, ക്യാൻസൽ ചെയ്യപ്പെട്ട എല്ലാ സ്റ്റേഷനറി നമ
കൃത്യമായി രേഖപ്പെടുത്തി കാണുന്നില്ല.
3) ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകളുടെ റിപ്പോർട്ട്, സഞ്ചയ സോഫ്റ്റ
എന്നിവയുടെ പരിശോധനയിൽ ക്യാൻസൽ ചെയ്ത പല രസീതുകളും (വസ്തു
ഇനത്തിലുള്ളത്) സ്റ്റോഫ്റ്റ് വെയറിൽ ക്യാൻസൽ ചെയ്തതായി കാ
ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയതി | ക്യാൻസൽ ചെയ്ത രസീത് നം | കെട്ടിട നം | തുക |
|---|---|---|---|---|
| 1 | 03.05.2019 | 119150100818 | 20/667 | 260/- |
| 2 | 21.05.2019 | 119150101313 | 5/599 | 339/- |
| 3 | 21.05.2019 | 119150101314 | 5/600 | 341/- |
| 4 | 06.06.2019 | 119150101826 | 17/104 | 171/- |
| 5 | 06.06.2019 | 119150101830 | 17/109 | 4136/- |

| | | | | |
|---|---|---|---|---|
| 6 | 06.06.2019 | 119150101832 | 17/110 | 3451/- |
| 7 | 24.07.2019 | 119150103374 | 12/461 | 325/- |
| 8 | 27.11.2019 | 119150105807 | 11/334 | 598/- |
| 9 | 18.12.2019 | 119150106827 | 17/759 | 87/- |
| 10 | 18.12.2019 | 119150106828 | 17/766 | 1909/- |
| 11 | 18.12.2019 | 119150106829 | 17/774A | 34663/- |
| 12 | 04.02.2020 | 119150108474 | 18/118A | 540/- |
| 13 | 28.02.2020 | 119150109575 | 20/677 | 2270/- |
| | ആകെ | | | 49090/- |

4) പഞ്ചായത്തിന്റെ ഡേ ബുക്ക് പരിശോധിച്ചതിൽ ചില പ്രവൃത്തി ദിവസ വരവിന്റെ പേജുകൾ ഫയലിൽ ലഭ്യമല്ല. (ഉദാ :- 01.04.2019, 23.04.2019, 31.05.2019, 17.12.2019, 08.01.2020, 21.03.2020)

മേൽ അപാകതകൾ സംബന്ധിച്ച 21.11.2021 നൽകിയ ഓഡിറ്റ് എൻക്വയറിയ്ക മറുപടിയിൽ ക്യാൻസൽ ചെയ്യേണ്ട രസീതുകൾ ക്യാൻസൽ ചെയ്തി അറിയിച്ചു. മറ്റ് അപാകതൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മാന്വൽ, സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്യേണ്ട സാഹചര്യത്തിൽ ബ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. സാംഖ്യാ രസീത ക്യാൻസൽ റിപ്പോർട്ടിൽ ക്യാൻസൽ ചെയ്ത സ്റ്റേഷനറി ന രേഖപ്പെടുത്തേണ്ടതാണ്. വരവില്ലാത്ത ദിവസങ്ങളിലെ ഡേ ബുക്കിന്റെ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

ക്യാൻസൽ ചെയ്ത സാംഖ്യാ രസീതുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ നി ചെയ്യേണ്ടതും, വസ്തു നികുതിയിനത്തിൽ നഷ്ടം വന്ന തുകകൾ സൂചിപ്പിച്ചിരിക്കുന്നവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമ

## 1-12 വസ്തു നികുതി നിർണ്ണയത്തിൽ കുറവ്

പഞ്ചായത്തിന്റെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പരിശോധനയി സൌകര്യത്തിനനുസരിച്ച് കെട്ടിടത്തിന് ബാധകമായ വർദ്ധനവ് വരു നികുതി നിർണ്ണയിച്ചതായി കാണുന്നു. ശ്രീ.ഇക്ബാൽ, കണ്ടമംഗലത്ത്, ആ ഏത്തപ്പറമ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 701.78 ച.മീ. വിസ്തീ ആമ്പക്കുടി ഗോഡൌൺ (കെട്ടിട നം.10/170B) എന്ന കെട്ടിടത്തിന്റെ വസ്തു സഞ്ചയപ്രകാരം നിർണ്ണയിച്ചതിൽ വഴി സൌകര്യത്തിന്റെ അടിസ്ഥാ വർദ്ധനവ് വരുത്തിയിട്ടില്ല. അസസ്മെന്റ് രജിസ്റ്റർ പ്രകാരം 13.02.2015 ൽ നി പൂർത്തിയായ ടി കെട്ടിടം പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്നതാണ്. 200 മുകളിൽ വിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളുകളുടെ ഗണത്തിൽപ്പെടുത്തി നിരക്കിൽ 56,143 രൂപ നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇളവുകളോ വർദ്ധന നൽകിയിട്ടില്ല. ഫോം 6 പ്രകാരം റോഡിന്റെ പേരിൽ 1.5 മീറ്ററിൽ കൂടുതൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആലുവ-എടയാർ പി.ഡബ്ല്യു.ഡി റോഡിന് വശത്ത് സ്ഥിതി ചെയ്യുന്ന ടി കെട്ടിടത്തിന് 5 മീറ്ററിൽ കൂടുതൽ വീതിയു സൌകര്യത്തിന്റേതായ 20% വർദ്ധനവ് വരുത്തി കാണുന്നില്ല. ഇതേ സ്ഥലത്ത് ചെയ്യുന്ന ടിയാന്റെ ഉടമസ്ഥതയിൽത്തന്നെയുള്ള 10/170 C, 10/170 എന്നീ കെട്ടിട വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതിയിൻ വർദ്ധനവ് വരുത്തി കാണുന്നു. 10/170B കെട്ടിടത്തിന്റെ അടിസ്ഥാന നികുതി വർദ്ധനവ് നടത്താത്തതിനാൽ നികുതി ഇനത്തിൽ പഞ്ചാ നഷ്ടമുണ്ടാകുന്നതായി കാണുന്നു. യഥാർത്ഥ നികുതി കണക്കാക്കി സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. എൻക്വയറി നമ്പർ 14 /29.11.2021 ന് ലഭിച്ച മറുപടിയിൽ

പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയയിൽ പുനർ നിർണ്ണയം
വിവരം അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ പിരിവുമായി ബന്ധപ്പെട്ട പരിശോധനകളിൽ കണ്ട അപാകതകൾ ചേർക്കുന്നു:-

1)ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല

2019-20 ൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെ ട്രേഡ്സ് ലിസ്റ്റ് ഓഡിറ്റിന് ഹാജരാക്കിയില്ല. ലൈസൻസ് എടുക്കുന്ന സ്ഥാപ നിന്ന് മാത്രമാണ് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വരുന്നത്. ഒട്ടനവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പഞ്ചായത്തിൽ ലൈസൻസ് എടുത്ത അ സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് തൻവർഷം സ്ഥാപന തൊഴിൽ ഈടാക്കിയിരിക്കുന്നത്. ട്രേഡ്സ് ലിസ്റ്റ് ഇല്ലാത്തതിനാൽ തൊഴിൽ പിരിവിന്റെ കാര്യക്ഷമത ഓഡിറ്റിൽ പരിശോധിക്കുന്നതിന് സാധി സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് അടിസ്ഥാനമാക്കേണ്ട സ്ഥാപ വരുമാനം/ടേൺ ഓവർ എന്നിവ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കാൻ നൽകുന്നില്ല. എന്തടിസ്ഥാനത്തിലാണ് തൊഴിൽ നികുതിയുടെ നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കേണ്ടതാണ്.

2) ജീവനക്കാരുടെ തൊഴിൽ നികുതി അടക്കുന്ന രജിസ്റ്റർ പ്രകാരം 95 സ്ഥാപ നിന്ന് മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിരി ധാരാളം വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന വ്യവസായ മേഖല കൂടെ ഉൾപ്പെടുന്ന 21 വാർഡുകളുള്ള പഞ്ചായത്തിൽ കൂടുതൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. കേരള പ രാജ് നിയമം സെക്ഷൻ 204(1) പ്രകാരം നികുതി അടയ്ക്കാൻ ബാധ്യ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള ന സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേ ക്ഷണിക്കുന്നു.

3) ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ സ്ഥാപനം സ്ഥിതി ചെയ്യുന്ന കെട്ടിട നമ്പർ എന്നിവ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4) 2019-20 ൽ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | CGR Metalloys (P) Ltd. | I |
| 2 | Cochin Surfactants (P) Ltd | I &II |
| 3 | Pananghat Polymer Packagings (P)Ltd | II |
| 4 | (Ravindra Beleyur) Ex Resolution Professional Merchem Ltd | II |
| 5 | Ultratech Cement Ltd | II |
| 6 | Ambedkar Nursery | I |
| 7 | Accushifa Alternative Therapy Centre | I |

| | | |
|---|---|---|
| 8 | Gayatri Industries | I |
| 9 | Vinayaka Industries | I |
| 10 | Unicorn Mobiles(P)Ltd | I |
| 11 | Muthoot Finance | I |
| 12 | Prism RMC Johnson Ltd | I |
| 13 | Depo Manager, KSCSC,N.Paravur | I |
| 14 | Child Development Project Officer | I |
| 15 | Police Station, Binanipuram (ടി ഓഫീസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല) | I&II |

മേൽ പട്ടിക പ്രകാരം ഒന്നാം അർദ്ധവർഷ നികുതി ഒടുക്കാതെ രണ്ടാം വർഷ ഒടുക്കിയതായി രജിസ്റ്ററിൽ കാണുന്നു. ഏത് അർദ്ധവർഷത്തെ നികുത ഒടുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കേണ്ടതും, ഒന്നാം അർദ്ധ വർഷത്തെ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

5)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ക്ഷീരോ സഹകരണ സംഘങ്ങൾ, അഭിഭാഷകർ, പഞ്ചായത്തിലെ പൊതുമരാമത്ത് ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഓഡിറ്റോറിയങ്ങൾ എന്നീ സ്ഥാ നടത്തുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈ വിവരം അറിയിക്കേണ്ടതാണ്.

6) സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷ ലൈസൻസ് എടുക്കുന്ന രജിസ്റ്ററിൽത്തന്നെ അതാത് സ്ഥാപനങ്ങൾ തൊഴിൽ അടച്ചുവരുന്നതായി കാണുന്നു. ഇതിൽ ലൈസൻസ് അപേക്ഷയിൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട അതിനനുസരിച്ച് ജീവനക്കാരുടെ തൊഴിൽ നികുതി കൂടെ ടി സ്ഥാപനങ്ങളി ഈടാക്കി കാണുന്നില്ല. അത്തരത്തിൽ ജീവനക്കാരിൽ നിന്ന് തൊഴിൽ ഈടാക്കാത്ത സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | വാർഡ് നം/ കെട്ടിട നം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | നാഷണൽ ഫൈബർ പ്രോഡക്ട്സ്, എടയാർ | 18/749 | 8 |
| 2 | വൈറ്റില സ്റ്റീൽ (പ്രൈ) ലിമിറ്റഡ്. | 18/1048 – 1049 | 17 |
| 3 | M/S Noel Villas Activity Workshop | 18/797 | 4 |
| 4 | DNC Techno Solutions(P)L | 18/127K,L,M | 10 |
| 5 | എം.കെ.ട്രേഡേഴ്സ് | 8/260B | 5 |
| 6 | ഉദയ ഇൻഡസ്ട്രീസ് | 3/41 | 5 |
| 7 | മുപ്പത്തടം ഹാർഡ് വെയർ | 15/546 | 4 |
| 8 | Jekay Traders | 2/401 A-B | 8 |

| | | | |
|---|---|---|---|
| 9 | പനക്കൽ പോളിമേഴ്സ് | 17/678D | 3 |
| 10 | Reefco Container Technologies | 18/733-735 | അപേക്ഷയിൽ 20 ജീവനക്കാർ ഉണ്ട്. എന്നാൽ 3 പേരുടെ തൊഴിൽ നികുതി മാത്രമേ അടവാക്കിയുള്ളൂ. |
| 11 | Kindlearc Seven | 18/678 | 5 |

മേൽ സൂചിപ്പിച്ച പ്രകാരം ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തി ലൈ
അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ ര
നികുതി അടവാക്കുന്നതിന് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയേ
കാണുന്നില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് നികുതി ചുമത്തലും ഈട
അപ്പീലും ചട്ടങ്ങൾ 5 ലെ മാതൃകയിൽ നികുതി ചുമത്താവുന്ന വ്യക്തിക
സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്മെന്റ്
പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. ലൈസൻസ് അപേക്ഷയിൽ സ്ഥാപന
ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നതനുസരിച്ച് ആയവ ടി രജിസ്റ്ററിൽ
കാലികമാക്കേണ്ടതും യഥാസമയം ഡിമാന്റ് നോട്ടീസ് നൽകി ബാധകമായ ര
നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എ
നം.8/22.11.2021 ന് മറുപടി ലഭിച്ചിട്ടില്ല.

## 1-14 ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന് കൃത്യമായ മാനദണ്ഡ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈ
അനുവദിക്കുന്നത് സംബന്ധിച്ച പരിശോധനയിൽ വ്യക്തമായ വസ്തുതക
ചേർക്കുന്നു.

1) 2019-20 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റിന് ഹാജരാക്ക
ആയതിനാൽ ലൈസൻസ് എടുക്കാനുള്ള സ്ഥാപനങ്ങളുടെ വിവരം ഓ
